## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1471** 31-10-2019 -ൽ മറുപടിക്ക്

### നവകേരള നിർമ്മാണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. റോജി എം. ജോൺ**<br>**ശ്രീ. വി.ഡി.സതീശൻ**<br>**ശ്രീ. എ.പി. അനിൽ കുമാർ**<br>**ശ്രീ. ഐ.സി.ബാലകൃഷ്ണൻ** | | **ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്ത് വ്യാപകമായി ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവ 2018-ലെ മഹാപ്രളയവും 2019-ലെ തീവ്രമഴയും ഉണ്ടായ സ്ഥലങ്ങളിൽ താമസിക്കുന്നവരെ സുരക്ഷിത സ്ഥലങ്ങളിലേയ്ക്ക് മാറ്റി പുനരധിവസിപ്പിക്കുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; അറിയിക്കുമോ; | എ) | ഇല്ല. 2019 ലെ ശക്തമായ മഴയെ തുടർന്ന് വിവിധ ജില്ലകളിൽ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമിയിൽ വിള്ളൽ എന്നിവ കണ്ടെത്തിയ സ്ഥലങ്ങൾ വേഗത്തിൽ പരിശോധിച്ച് ജനവാസയോഗ്യം ആണോ അല്ലയോ എന്ന് വ്യക്തമായ ശാസ്ത്രീയ ശിപാർശ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് നൽകുന്നതിന് മണ്ണ് സംരക്ഷണ വകുപ്പ്, മൈനിങ് ആൻഡ് ജിയോളജി വകുപ്പ്, ഭൂജല വകുപ്പ് എന്നിവയിലെ ഉദ്യോഗസ്ഥരെ ഉപയോഗപ്പെടുത്തി കേരളത്തിൽ 50 സംഘങ്ങളെ നിയോഗിച്ചു. എല്ലാ സംഘത്തിലും ഒരു ജിയോളൊജിസ്റ്റും, ഒരു മണ്ണ് സംരക്ഷണ വിദഗ്ദ്ധനും ഉണ്ടായിരിക്കും. പ്രസ്തുത സംഘങ്ങൾ നൽകുന്ന ശിപാർശ പരിശോധിച്ച് സുരക്ഷിതമായ സ്ഥലത്ത് വീട് വയ്ക്കുവാൻ 10 ലക്ഷം രൂപ നൽകിവരുന്നു. പ്രാദേശിക അടിസ്ഥാനത്തിൽ, ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ 2018 ലെ മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ എന്നിവ ബാധിച്ച പ്രദേശങ്ങളിൽ, മുൻപ് വീടുണ്ടായിരുന്ന, നിലവിൽ വീട് നിർമിക്കുവാൻ പാടില്ലാത്ത പ്രദേശങ്ങൾ കണ്ടെത്തുന്ന പഠനം നടത്തി. ഇത്തരത്തിൽ മാറ്റണം എന്നു കണ്ടെത്തിയ 702 വീടുകൾക്ക് സ്ഥലം വാങ്ങി വീടുവയ്ക്കുവാൻ 10 ലക്ഷം രൂപ നൽകി വരുന്നു. |
| ബി) | സംസ്ഥാനത്തെ പതിനഞ്ച് ശതമാനം ഭൂപ്രദേശങ്ങൾ മണ്ണിടിച്ചിലിനും, ഉരുൾ പൊട്ടലിനും സാധ്യതയുള്ള മേഖലയാണെന്ന് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ കണ്ടെത്തിയിട്ടുണ്ടോ; | ബി) | ഇല്ല. |
| സി) | പ്രസ്തുത സ്ഥലങ്ങളിൽ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എന്തെങ്കിലും നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | സി) | ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെയും, സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതാ പ്രദേശ ഭൂപടത്തിന്റെയും വെളിച്ചത്തിൽ ഏതു |

| | | | |
|---|---|---|---|
| | | | തരം സ്ഥലങ്ങളിൽ വീട് വയ്ക്കാം എന്നത് സംബന്ധിച്ച ശാസ്ത്രീയ ഉപദേശം നൽകുവാൻ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ Deputy Director General, പരിസ്ഥിതി അവലോകന വിധഗ്ദ്ധ സമിതി അംഗം ശ്രീ. ജി. ശങ്കർ, ഐ.ആർ.റ്റി.സി ഡയറക്ടർ ഡോ. ശ്രീകുമാർ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ. ശേഖർ എൽ. കുര്യാക്കോസ് എന്നിവരുടെ വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തി. ഇവരുടെ ആദ്യ ശിപാർശ പ്രകാരം മലയോര മേഖലയിൽ വീട് നിർമ്മിക്കുന്നതിന് പ്രത്യേകമായ പരിശോധന നടത്തുവാൻ ജില്ലാ ജിയോളോജിസ്റ്റ്, തദ്ദേശ സ്ഥാപന എൻജിനിയർ എന്നിവർ പ്രത്യേക പരിശോധനാ ഫോറം സ്ഥലം പരിശോധിച്ച് തയ്യാറാക്കണം എന്നും നിർദേശിച്ചിട്ടുണ്ട്. |
| ഡി) | നവകേരള നിർമ്മാണത്തിന്റെ ഭാഗമായി ഇത്തരം പ്രദേശങ്ങളിൽ താമസിക്കുന്നവർക്കായി പ്രത്യേക ഭവന നിർമ്മാണ നയം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | ഡി) | നിലവിൽ അപകടകരം എന്ന് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയും, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിയോഗിച്ച സംഘവും കണ്ടെത്തിയ സ്ഥലങ്ങളിൽ വസിക്കുന്നവർക്ക് സുരക്ഷിതമായ സ്ഥലത്ത് സ്ഥലം വാങ്ങി വീട് വയ്ക്കുവാൻ 10 ലക്ഷം രൂപ നല്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ